(സി) തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിൽ എൻ.എച്ച്.എം.ന കീഴിൽ ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം ആരംഭിച്ചു. പ്രസ്തുത കേന്ദ്രത്തിലൂടെ ആയുർവ്വേദം, ഹോമിയോ, സിദ്ധ എന്നീ ചികിത്സാ സമ്പ്രദായങ്ങളുടെ സേവനം ഒരു കുടക്കീഴിൽ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു. ഹോമിയോപ്പതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയുഷ് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ആയുഷ് മിഷന്റെ കീഴിൽ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ആയുർവ്വേദ പ്രോത്സാഹനം - നൂതന പദ്ധതികൾ

114 (2394) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി നേട്ടങ്ങൾ കൈവരിക്കുന്നതിനും പര്യാപ്തമായ നൂതന പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) ആയുർവ്വേദ ചികിത്സാരംഗത്ത് വളർച്ചയും പുരോഗതിയും കൈവരിക്കുന്നതിനും ഈ രംഗത്തെ വിവിധ ഗവേഷണത്തിനും ഉതകുന്ന വിധത്തിൽ ഒരു ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ മതിയായ കേന്ദ്രസഹായം നേടിയെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആയുർവ്വേദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നേട്ടങ്ങൾ കൈവരിക്കുന്നതിനുമായി നൂതന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിന് നടപടി

115 (2395) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ ആയുർവ്വേദ ആശുപത്രിക്കായി പുതിയ മന്ദിരം എന്നാണ് നിർമ്മിച്ചത്; എത്ര രൂപയായിരുന്നു അന്ന് നിർമ്മാണത്തിനായി ചെലവഴിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly